പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റ് (1978-ലെ 14) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 9-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിലെ (1978-ലെ 14), 9-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"9. ചെയർമാന്റെയും അംഗങ്ങളുടെയും വേതനം.—കമ്മിറ്റിയിലെ ചെയർമാനും അംഗങ്ങൾക്കും സർക്കാർ, കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന അങ്ങനെയുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും പ്രതിമാസം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ചെയർമാനും അംഗങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം യാത്രപ്പടിയോ ദിവസപ്പടിയോ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിനും അർഹതയുണ്ടായിരിക്കുന്നതാണ് .".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിലെ (1978-ലെ 14) 9 -ാം വകുപ്പ്, കമ്മിറ്റിയിലെ യാതൊരംഗവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യാത്രപ്പടിയോ ദിവസപ്പടിയോ, ഏതെങ്കിലുമുണ്ടെങ്കിൽ, അതൊഴികെ ശമ്പളമോ മറ്റ് വേതനമോ സ്വീകരിക്കുകയോ അഥവാ അങ്ങനെയുള്ള അംഗത്തിന് അത് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ അനുസരിച്ച് കമ്മിറ്റിയിലെ ചെയർമാനും അംഗങ്ങൾക്കും ഓണറേറിയത്തിനും സിറ്റിംഗ് ഫീസിനും അർഹതയില്ലാത്തതാണ്.

2. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി ചെയർമാനും അംഗങ്ങൾക്കും ഓണറേറിയവും സിറ്റിംഗ് ഫീസും നൽകുന്നതിനായി പ്രസ്തുത ആക്റ്റിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാർ, ഇപ്പോൾ, തീരുമാനിച്ചിരിക്കുന്നു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2- ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 9- ാം വകുപ്പ്, കമ്മിറ്റിയിലെ ചെയർമാനും അംഗങ്ങൾക്കും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി ഓണറേറിയവും സിറ്റിംഗ് ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ചെയർമാനും അംഗങ്ങൾക്കും യാത്രപ്പടി അല്ലെങ്കിൽ ദിവസപ്പടി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. എൻ. വാസവൻ.

//ശരിതർജ്ജമ//

# 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

# (1978-ലെ 14)

** ** ** **

9. ചെയർമാന്റെയും അംഗങ്ങളുടെയും വേതനം.—കമ്മിറ്റിയിലെ യാതൊരംഗവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യാത്രപ്പടിയോ ദിവസപ്പടിയോ, വല്ലതുമുള്ളപക്ഷം, അതൊഴികെ ശമ്പളമോ മറ്റ് വേതനമോ സ്വീകരിക്കുകയോ അഥവാ അങ്ങനെയുള്ള അംഗത്തിന് അത് കൊടുക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

** ** ** **